# അമേരിക്കൻ കഥകൾ

## മിനികഥകൾ

## മുപ്പത്തി അഞ്ച്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി, കന്നമ്മയുടെ കാര്യം, മുൻ കഥയുടെ തുടർച്ചയാണ് പറയാൻ പോകുന്നത്. അത് മുഴുവൻ പറഞ്ഞു തീർക്കാൻ പറ്റിയില്ല. അവളെ ആ പരുവത്തിൽ ആക്കി തീർത്തതിൽ പ്രധാന പങ്ക് അന്നച്ചിക്കും ജോസഫ് അച്ചായനും ഉണ്ട്.

കന്നമ്മയുടെ വീട്ടിൽ അത്രയും സംഭവം നടന്ന കഴിഞ്ഞ ഉടനെ അവൾ ഏങ്ങലടിച്ചു കരഞ്ഞു കൊണ്ട് ഏറ്റവും ആദ്യം പറഞ്ഞത് അന്നച്ചിയോടാണ്. കന്നമ്മയുടെ ജീവിതം ആ വിധം ആക്കിയതിന് പലരും ഉത്തരവാദികളായിട്ടുണ്ട്. അവൾ ഒരിക്കലും പ്രതീക്ഷിച്ചില്ല, സഖറിയ ഉടനെ തന്നെ ഇറങ്ങി പോകുമെന്ന്. എന്നും അവളുടെ അടിമയായി, ഒരു വേലക്കാരനേ പോലെ അവിടെ തന്നെ കഴിയുമെന്നാണ് അവൾ വിശ്വസിച്ചത്. ഒരാൾ വിവാഹം കഴിച്ച് അമേരിക്കയിൽ വന്നാൽ, രണ്ടു വർഷത്തിനകം എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ, ഉടനെ തന്നെ ആ ആളിനെ മടക്കി അയക്കുമെന്ന കാര്യം അയാൾക്കും അറിവുള്ളതായിരുന്നു. എന്നിട്ടും അയാൾ ഒരു വർഷം കൂടെ ക്ഷമയോടെ കാത്തിരുന്നു. അയാളെ കൊണ്ട് ഒട്ടും സഹിക്കവയ്യാത്ത വിധത്തിൽ കാര്യങ്ങൾ നീങ്ങിയപ്പോൾ, മോങ്ങാനിരുന്ന നായിന്റെ തലയിൽ തേങ്ങാ വീണെന്ന വിധമായി.

അന്നച്ചി ജോസഫ് അച്ചായനെ മരുക്കി ആ പരുവത്തിലാക്കിയ പോലെ അയാളേയും ആക്കാമെന്നവൾ കരുതി. പക്ഷേ, അവൾ ഉപയോഗിച്ച വാക്കുകൾ സ്വല്പം കൂടി പോയി എന്നവൾക്കു മനസ്സിലായി. അവൾക്ക് ശരിക്കും കുറ്റ ബോധമുണ്ടായി. അയാൾ പറഞ്ഞതു പോലെ, അയാൾ കേരളത്തിൽ നിന്നിരുന്നെങ്കിൽ ഒരു പക്ഷേ എംഎൽഏയോ അതല്ല മന്ത്രിയോ ആകുമായിരുന്നു. അയാളെ പോലെയുള്ളവരാണ് കേരളത്തിലും മറ്റും ആ സ്ഥാനങ്ങളിൽ ഇരിക്കുന്നതെന്നും അവൾക്കറിയാം.

കേരളത്തിൽ ജനിച്ച് വളർന്ന ഏതൊരാളിനേയും അത്ര പെട്ടന്ന് ഇത്രയും മാറ്റിയെടുക്കാൻ കഴിയത്തില്ലന്ന കാര്യം അവൾക്കറിയത്തില്ലായിരുന്നു. കേരളത്തിന് വെളിയിൽ, ഇന്ത്യാ മഹാരാജ്യത്തിൽ കറങ്ങിയ ആളായിരുന്നെങ്കിൽ സാധിക്കുമായിരുന്നു.

പിറ്റെ ദിവസം അവൾ അവധി എടുത്ത് സഹോദരങ്ങളെയെല്ലാം അത്യാവശ്യമായി അവിടെ വരുത്തി. ഏറ്റവും ഇളയ കുഞ്ഞാള ഉൾപ്പെടെ എല്ലാവരും വിവാഹം കഴിച്ച്, അവിടെ വീടും വാങ്ങി കുടുംബമായി താമസിക്കുന്ന അവക്കാർക്കും വല്ല്യേച്ചിയെ ഒരു വിധത്തിലും സഹായിക്കാൻ പറ്റത്തില്ലന്ന തീർത്തും പറഞ്ഞു. അവരെല്ലാവരും കൂടെ പതിനാലു പേരുണ്ടവിടെ. എല്ലാവരുംനേഴ്സാണെങ്കിലും പലരും മാസ്റ്റേഴ്സ് നേഴ്സ് പ്രാക്ടീഷണറായി ജോലി ചെയ്യുകയാണ്. പെണ്ണുങ്ങളുടെ എല്ലാം ഭർത്താക്കന്മാർ ഐറ്റിയിൽ സോഫ്റ്റവയർ ഇൻജിനീയർ ആണ്. കുഞ്ഞാങ്ങളുടെ ഭാര്യ ഡെന്റീസ്റ്റായി, ഡോക്ടറായി ജോലി ചെയ്യുകയാണ് എല്ലാവരും വല്ല്യ നിലയിൽ ആണ്. അവരുടെ മുൻപിൽ വല്ല്യേച്ചി ഇപ്പോഴും വെറും നേഴ്സായി ജോലി ചെയ്യുന്നതു തന്നെ അവക്ക് നാണക്കേടാണ്. വല്ല്യേട്ടൻ വെറും കൂലി വേലക്കാരനായി ജോലി ചെയ്യുന്നത് അവക്ക് നാണക്കേടായിരുന്നു; അതിപ്പോൾ മാറി കിട്ടിയതിന്റെ ആശ്വാസത്തിലാണ്. ഇപ്പോഴും എംഎൽഏ യോ മന്ത്രിയോ ആകുമെന്ന് പൊങ്ങച്ചം പറഞ്ഞു നടക്കുന്ന ഒരു വയ്യാവേലി മാറി കിട്ടിയല്ലോയെന്ന സന്തോഷത്തിലാണ്.

എന്തായാലും അവൾ പിന്നീട് പള്ളിയിലോ, മലയാളി ക്ലബുകളിലൊ പോയില്ല. വല്ല നാണക്കേടും പരന്നോ എന്ന ഭയം ഉള്ളിലുണ്ടായിരുന്നു. അയാൾ ഒരു ശുദ്ധൻ ആണെന്നറിയാമായിരുന്നു. ശുദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യുമെന്നാണല്ലോ. അവൾക്ക് ഉള്ളിൽ വലിയ ഭയമുണ്ടായിരുന്നു. മലയാളികളുടെ മുഖത്തു നോക്കാൻ ഭയങ്കര ഭയമായിരുന്നു. എല്ലാം ക്ഷമിച്ചും സഹിച്ചും പോയാൽ മതിയായിരുന്നെന്നവൾക്കു തോന്നി. അത്തിപഴത്തോളം അഹംകാരം ഉണ്ടെങ്കിൽ, അദ്ദിക്കിൽ ഗുണം പിടിക്കത്തില്ലന്ന പഴമൊഴി അന്വർദ്ധമായി. പോയ ബുദ്ധി ഇനിയും ആന പിടിച്ചാലും തിരിച്ചു കൊണ്ടു വരാൻ പറ്റത്തില്ലല്ലോ. കൂടപിറപ്പുകൾ പതിനാലെണ്ണത്തിനേം കേറ്റി കിടത്താനായിട്ടായിരുന്നു ആ കൊട്ടാരം പോലുള്ള വലിയ ബഗ്ലാവ് സൂക്ഷിച്ചിരുന്നത്. ഇനിയും അതിന്റെ ആവശ്യം ഉണ്ടോയെന്നവൾ ചിന്തിച്ചു. ഒന്നിനേം ഈ പടിക്കകത്തേക്ക കടത്തതില്ലന്നവൾ ശപഥം ചെയ്തു. മനസ്സിന്റെ സമനില വീണ്ടെടുക്കാനായി അവൾ മദ്യത്തിനടിമയായി. ആ ലഹരിയിൽ, ബ്ലൂ ഫിലുമുകൾ ധാരളം വാങ്ങി കണ്ടാസ്വദിക്കാൻ തുടങ്ങി. കൂടാതെ അങ്ങിനെയുള്ള കടകളിൽ കിട്ടുന്ന ലൈഗിക പ്രചോദാസ്വാദന സാധനങ്ങൾ വാങ്ങി സന്തോഷിക്കാൻ തുടങ്ങി.

വെളിയിലത്തെ പുല്ലു വെട്ടാനും, മഞ്ഞു വരുമ്പോൾ അതു മാറ്റാനും ആൾക്കാരെ ആക്കി. വീടിനകം മുഴുവനും വൃത്തിയാക്കാൻ ആൾക്കാരെ ആക്കി. അവർ എല്ലാ ആഴ്ചയിലൊരിക്കൽ വന്ന് വീടെല്ലാം വൃത്തിയാക്കും. അടുക്കളയിൽ പാചകം ചെയ്യാനും മറ്റുമായി ഒരു ഉത്തരേന്ത്യക്കാരിയെ നിയമിച്ചു. അവൾ മൂന്നും നാലും ദിവസം കൂടി വന്ന് എല്ലാം ചെയ്യും. ഡിഷ് വാഷറിൽ വെച്ച് പാത്രങ്ങൾ എല്ലാം കഴുകി ആ വേലക്കാരി ചെയ്തു കൊടുക്കും.

അവളുടെ ജീവിതത്തിന്റെ താളം തെറ്റുന്ന വിവരം അവൾ അറിഞ്ഞു. എന്നാൽ ഇനിയും വരുന്നിടത്തു വെച്ചു കാണാമെന്നായി. ചെറുപ്പക്കാരായ വെള്ളക്കാർ ഡോക്ടറുമാരെ പലരേയും ക്ഷണിച്ചു വരുത്തി അവരുമായി കാമകേളികൾ നടത്തുക പതിവായി. അവരാകുമ്പോൾ മലയാളികളെ പോലെ സ്വന്തം കാര്യം കണ്ടിട്ടു പോകുന്നവരല്ല. പാശ്ചാത്യ രീതികളിലുള്ള കാമകേളികളിലും അവരെ ഒന്നും പഠിപ്പിക്കേണ്ടതില്ല. നാല്പത്തിമൂന്ന വയസുള്ള അവളെ നല്ല ചെറുപ്പക്കാരായ സായിപ്പന്മാർ രാത്രി മുഴുവനും വ്യത്യസ്തമായ വിധത്തിൽ ഭോഗപ്രക്രിയകൾ നടത്തി ഇരുകൂട്ടരും. സന്തോഷിച്ചു.

അതൊരുഅതിശൈത്യമുള്ളവൈകുന്നേരമായിരുന്നു. വീഥികളെല്ലാം വെള്ളവും മഞ്ഞും കിടന്ന് തെന്നി കിടക്കുകയായിരുന്നു. അവൾ ജോലി കഴിഞ്ഞ് വളരെ സാവധാനം വണ്ടി ഓടിച്ചു വരിക ആയിരുന്നു. ഒരു വശത്തു കൂടെ മൂന്നും മറു വശത്തു കൂടെ മൂന്നും വണ്ടികൾ ഒരേ സമയം ഓടി കൊണ്ടിരിക്കുന്ന വിശാലമായ ആ റോഡിൽ തോട്ടടുത്തു കൂടെ ഒരു ചെറുപ്പക്കാരൻ അതിവേഗം അയാളുടെ കാർ ഓടിച്ചു വന്ന് പെട്ടന്ന് ബ്രേക്കിട്ടു. ആ വണ്ടി, ആ തെന്നി കിടക്കുന്ന റോഡിൽ വട്ടം കറങ്ങി, തൊട്ടടുത്തുടെ പോയ അവളുടെ കാറിനെ ഇടിച്ചു തകർത്തു. പെട്ടന്നവളെ ആശുപത്രിയിലാക്കിയെങ്കിലും അവൾക്ക് വലിയ കുഴപ്പമൊന്നും പറ്റിയില്ല; പക്ഷേ, അവളുടെ കാർ പരിപൂർണ്ണം നശിച്ചു. ഇൻഷുറൻസിയിൽ നിന്നും പണമൊന്നും കിട്ടിയില്ല. ഇടിച്ചവന്റെ കാറിന് ഇൻഷുറൻസില്ലായിരുന്നു. ആ കിടപ്പിൽ അവളുടെ രക്തം പരിശോധിച്ചപ്പോൾ, അവൾക്ക് എയിഡ്സ് ഉണ്ടെന്നറിഞ്ഞു. അപ്പോഴേ, അവൾ പകുതി ജീവശവമായി. ആശുപത്രി വിട്ടു വന്ന് പെട്ടന്ന് അവളുടെ ആ വലിയ വീടു വിറ്റു. ആ വീട്ടിൽ കിടന്ന വിലയേറിയ എല്ലാം സാധനങ്ങളും വിറ്റു. അവൾ ലക്ഷ്വറി എപ്പാർട്ടുമെന്റിലേക്ക് താമസം മാറ്റി. അവളുടെ രോഗ വിവരം അവൾ ആരേയും അറിയിച്ചില്ല; എന്നാൽ അവൾക്ക് ജോലി ചെയ്യാൻ വയ്യാത്ത അവസ്ഥയലായി; കുറച്ചു ദിവസങ്ങൾക്കു ശേഷം അവളുടെ ഈ ഭൂമിയിലെ അഭിനയം തീർന്നു.